# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3293 | 24.02.2016-ൽ മറുപടിയ്ക്ക്

## കുറ്റാന്വേഷണവും തെളിവുശേഖരണവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കുറ്റാന്വേഷണങ്ങളുടെ ഭാഗമായി പോലീസിന് തെളിവു ശേഖരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടോ; എങ്കിൽ വിശദമാക്കാമോ; അന്വേഷണങ്ങളെ പ്രതിരോധിച്ചിട്ടുള്ളതിന്റെ ഭാഗമായി പോലീസിന് അന്വേഷണം നടത്താൻ സാധിച്ചിട്ടില്ലാത്ത കേസുകളുണ്ടോ; വിശദമാക്കാമോ; | (എ) കുറ്റാന്വേഷണങ്ങളുടെ ഭാഗമായി തെളിവു ശേഖരിക്കാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷണങ്ങളെ പ്രതിരോധിച്ചിട്ടുള്ളതിന്റെ ഭാഗമായി അന്വേഷണം നടത്താൻ സാധിച്ചിട്ടില്ലാത്ത കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) ഒരു വധക്കേസിൽ പോലീസിന് തെളിവ് ശേഖരിക്കാനായില്ലെന്ന് പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ കോടതിയിൽ വെളിപ്പെടുത്തിയത് ആഭ്യന്തര വകുപ്പിന്റെ അറിവോടു കൂടിയാണോ; വിശദമാക്കാമോ; | (ബി) കേസന്വേഷണവുമായി ബന്ധപ്പെട്ട വിവരങ്ങൾ കേസ് ഡയറി പരിശോധിച്ച് ഓരോ കേസിന്റേയും സ്വഭാവമനുസരിച്ച് കോടതിയിൽ പബ്ലിക് പ്രോസിക്യൂട്ടർ ബോധിപ്പിക്കുന്ന വിഷയത്തിൽ ആഭ്യന്തര വകുപ്പ് സാധാരണ ഇടപെടാറില്ല. |
| (സി) ഏതെങ്കിലും കേസിൽ തെളിവ് ശേഖരിക്കാൻ സാധിക്കുന്നില്ലെന്ന കാര്യം ഡി.ജി.പി സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | (സി) കേസിന്റെ തെളിവ് ശേഖരിക്കേണ്ടത് അന്വേഷണ ഉദ്യോഗസ്ഥന്റെ മാത്രം ചുമതലയാണ്. ആ വക കാര്യങ്ങളിൽ ആഭ്യന്തര വകുപ്പ് ഇടപെടാറില്ല. കേസന്വേഷണം പോലീസിന്റെ മാത്രം അധികാര പരിധിയിൽപ്പെട്ട വിഷയമായതിനാലും, അന്വേഷണവുമായി ബന്ധപ്പെട്ട യാതൊരു കാര്യത്തിലും സർക്കാർ ഉൾപ്പെടെ യാതൊരു ബാഹ്യ ഇടപെടലുകൾക്കും നിയമം അനുവദിക്കാത്തതാണ്. ഈ വക കാര്യങ്ങൾ പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്യേണ്ടതില്ല. |
| (ഡി) ഏതെങ്കിലും കേസിൽ ഇത്തരമൊരു വിവരം കോടതിയെ അറിയിക്കാൻ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന് ആഭ്യന്തര വകുപ്പിൽ നിന്നും നിർദ്ദേശം നല്കിയിട്ടുണ്ടോ; എങ്കിൽ ഏത് കേസിൽ? | (ഡി) ഇല്ല. സാധാരണഗതിയിൽ കേസന്വേഷണവുമായി ബന്ധപ്പെട്ട വിവരങ്ങൾ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലും, പബ്ലിക് പ്രോസിക്യൂട്ടർമാരും കേസ് ഡയറിയിൽ നിന്നുള്ള വിവരങ്ങളുടെയടിസ്ഥാനത്തിലാകും നൽകുക. ആഭ്യന്തര വകുപ്പ് ഇടപെടാറില്ല. |

സെക്ഷൻ ഓഫീസർ